പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1427** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. സി. രവീന്ദ്രനാഥ് ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരെ സ്ഥലംമാറ്റിയിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 47 ഐ.എ.എസ് ഉദ്യോഗസ്ഥരെയും 36 ഐ.പി.എസ് ഉദ്യോഗസ്ഥരെയും 8 ഐ.എഫ്.എസ് ഉദ്യോഗസ്ഥരെയും സ്ഥലംമാറ്റി നിയമിച്ചിട്ടുണ്ട്.

**(ബി)** മേൽ പ്രകാരം നടത്തിയ സ്ഥലം മാറ്റങ്ങൾക്ക് സിവിൽ സർവ്വീസ് ബോർഡ് ശിപാർശ ഉണ്ടായിരുന്നോയെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** 02.06.2026-ലെ സ.ഉ.(സാധാ) നം.2716/2026/GAD ഒഴികെയുള്ള ഐ.എ.എസ്, ഐ.എഫ്.എസ് തലത്തിലെ സ്ഥലംമാറ്റങ്ങൾ സിവിൽ സർവ്വീസ് ബോർഡ് ശിപാർശയുടെ അടിസ്ഥാനത്തിലാണ്.

ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയുടെ 29.05.2026-ലെ 154/KL/2026-P.Admn നമ്പർ ഗസറ്റ് വിജ്ഞാപനപ്രകാരം, ഡോ.എ. കൗസിഗൻ, ഐ.എ.എസ്. (കേരള കേഡർ: 2009)-നെ കേരള സംസ്ഥാനത്തിന്റെ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ (Chief Electoral Officer) ആയി നിയമിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ 02.06.2026-ലെ ജി.ഒ.(സാധാ) നമ്പർ 2716/2026/പൊ.ഭ.വ. പ്രകാരം കേരള മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറും തിരഞ്ഞെടുപ്പ് വകുപ്പ് സെക്രട്ടറിയുമായി നിയമിച്ചിട്ടുണ്ട്.

ഐ.പി.എസ്-ൽ സിവിൽ സർവ്വീസ് ബോർഡ് രൂപീകരിച്ചിട്ടുള്ളതല്ല.

**(സി)** സിവിൽ സർവ്വീസ് ബോർഡിന്റെ ശിപാർശ ഇല്ലാതെ സ്ഥലം മാറ്റങ്ങൾ നടത്താൻ പാടില്ലെന്ന് ആവശ്യപ്പെട്ട് ഐ.എ.എസ്. അസോസിയേഷൻ മുൻപ് കോടതിയെ സമീപിച്ചിരുന്നോ; ഇക്കാര്യത്തിൽ കോടതി എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** സിവിൽ സർവ്വീസ് ബോർഡിന്റെ ശിപാർശ ഇല്ലാതെ സ്ഥലം മാറ്റങ്ങൾ നടത്താൻ പാടില്ലെന്ന ആവശ്യം ഉൾപ്പെടെ വിവിധങ്ങളായ ആവശ്യങ്ങളുമായി ഐ.എ.എസ്. അസോസിയേഷൻ ഫയൽ ചെയ്ത O.A. 367/2023-ൽ 06.03.2026 -ൽ ബഹു കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ്

ട്രിബ്യൂണൽ എല്ലാ സ്ഥലം മാറ്റങ്ങളും സിവിൽ സർവ്വീസ് ബോർഡിന്റെ ശിപാർശയോടെ മാത്രമേ നടത്താവൂ എന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**(ഡി)** മേൽ കോടതി വിധി പാലിച്ചാണോ ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**മറുപടി:** 02.06.2026- ലെ ജി.ഒ.(സാധാ) നമ്പർ 2716/2026/പൊ.ഭ.വ. പ്രകാരം ഡോ. എ. കൗസിഗൻ, ഐ.എ.എസ്. (കേരള കേഡർ: 2009)- നെ കേരള മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറും തിരഞ്ഞെടുപ്പ് വകുപ്പ് സെക്രട്ടറിയുമായി നിയമിച്ച ഉത്തരവ് ഒഴികെയുള്ള എല്ലാ ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റങ്ങളും പ്രസ്തുത കോടതി വിധി പാലിച്ചാണ് നടത്തിയിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**